**ക്രമപ്രശ്നം**

<u>19-10-2016-ന് ശ്രീ. എ.കെ. ബാലൻ സഭയിൽ</u>

<u>നടത്തിയ പരാമർശം സംബന്ധിച്ച്</u>

<u>ശ്രീ. പി. ടി. തോമസ്</u>: കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലൻ ഈ സഭയിൽ ബഹുമാനപ്പെട്ട മണ്ണാർക്കാട് എം.എൽ.എ. ശ്രീ. എൻ. ഷംസുദ്ദീന്റെ ചോദ്യത്തിന് നൽകിയ മറുപടി അത്യന്തം പ്രതിഷേധാർഹവും ലജ്ജാകരവും കേരള സമൂഹത്തിനാകെ അപമാനം വിളിച്ചുവരുത്തിയതുമായ ഒരു നടപടിയാണ്. അപ്പോൾതന്നെ പ്രതിപക്ഷത്തുനിന്നും വളരെ ശക്തമായി ഞങ്ങൾ ആ കാര്യത്തിൽ ഇടപെട്ടിരുന്നു. എന്നാൽ ചോദ്യം ചോദിച്ച ആളിന് പരാതി ഇല്ലല്ലോ എന്ന മട്ടിലൊരു കമന്റ് ബഹുമാനപ്പെട്ട ചെയറിന്റെ ഭാഗത്തുനിന്നുപോലുമുണ്ടായി. ഞാൻ ഇവിടെ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നത് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് 'നാലെണ്ണം മരണപ്പെട്ടിട്ടുണ്ട്. സമയക്കുറവായതുകൊണ്ട് മുഴുവൻ വായിക്കുന്നില്ല. 'നാലെണ്ണം മരണപ്പെട്ടിട്ടുണ്ട്. അത് പോഷകഹാരകുറവു കൊണ്ടായിരുന്നില്ല,

ഒന്ന് അബോർഷനാണ്. അബോർഷനെന്നു പറഞ്ഞാൽ നിങ്ങളുടെ കാലത്ത് ഗർഭിണിയായതാണ്.' എ.കെ.ജി. സെന്ററിൽ നിന്നൊരു സ്റ്റഡി ക്ലാസുണ്ടോയെന്ന് സംശയമുണ്ട്. യു.ഡി.എഫ്.-ന്റെ പോരായ്മയാണ് എല്ലാമെന്ന് ഭരണകക്ഷി മെമ്പർമാർ നിരന്തരമായി പ്രചരിപ്പിച്ചുകൊണ്ടിരിക്കുകയാണ്.

മി. സ്പീക്കർ : അങ്ങ് പറയാനുള്ളത് പറയൂ.

ശ്രീ. പി. ടി. തോമസ് : സർ, 'ഇപ്പോഴാണ് ഡെലിവറിയായത്. ഞാൻ ഇതിന് ഉത്തരവാദിയല്ല.' അങ്ങ് ഉത്തരവാദിയാണെന്ന് ആരെങ്കിലും വിചാരിക്കുന്നുണ്ടോ? അടുത്തതാണ് പ്രധാനം. നാലെണ്ണം കഴിഞ്ഞിട്ട് 'മറ്റൊന്നിന് വാൽവിന്റെ തകരാറ്, അത് ഗർഭിണിയായതും നിങ്ങളുടെ കാലത്താണ്. ഇപ്പോഴാണ് പ്രസവിച്ചത്. അതിനും ഞാൻ ഉത്തരവാദിയല്ല.' ഇതിനെക്കാൾ ഗുരുതരമായ ഒരു കാര്യമാണ്, ഇതിനൊരു വലിയ ബഹളം സമൂഹ മാധ്യമങ്ങളിലൊക്കെ വന്നപ്പോൾ അദ്ദേഹം ഫെയ്സ്ബുക്കിൽ ഒരു കുറിപ്പിട്ടു. അതും ഞാൻ വായിക്കാം.

മി. സ്പീക്കർ : ചട്ടം 307 സഭയിൽ ഉന്നയിച്ചതുമായി ബന്ധപ്പെട്ട് നീക്കം ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ചുള്ള പരാതിയാണ്.

ശ്രീ. പി. ടി. തോമസ് : ബഹുമാനപ്പെട്ട മന്ത്രി പറയുകയാണ്. 'ഈ വസ്തുതകൾ മറുപടിയായി പറയുമ്പോൾ ഞാൻ എണ്ണത്തിന്റെ കണക്കു പറഞ്ഞു. അത് ശരിയായിരുന്നു. എണ്ണത്തിൽ മാത്രമേ അത് പറയാനും കഴിയൂ.' നാലെണ്ണം എന്നാണോ നാല് കുട്ടികൾ എന്നാണോ പറയേണ്ടത്?

മി. സ്പീക്കർ : അങ്ങ് പോയിന്റ് ഓഫ് ഓർഡർ പറഞ്ഞ് അവസാനിപ്പിക്കു.

ശ്രീ. പി. ടി. തോമസ് : സർ, അതിനെക്കാൾ ഗുരുതരമായ കാര്യം ഈ ബഹുമാനപ്പെട്ട മന്ത്രി സാംസ്കാരികവകുപ്പിന്റെ ചുമതല വഹിക്കുന്നു എന്നതാണ്.

മി. സ്പീക്കർ : പോയിന്റ് ഓഫ് ഓർഡറിൽ ഇതൊക്കെയാണോ പറയുന്നത്. അങ്ങ് പോയിന്റിലേക്ക് വരൂ. അങ്ങ് പോയിന്റ് ഉന്നയിക്കു.

ശ്രീ. പി. ടി. തോമസ് : സർ, ലോകമെമ്പാടുമുള്ള മലയാളികൾ അപമാനംകൊണ്ട് തലതാഴ്ത്തിയിരിക്കുകയാണ്.

മി. സ്പീക്കർ : ശ്രീ. പി. ടി. തോമസ് അങ്ങ് എപ്പോഴും ഇങ്ങനെയാണ്.

ശ്രീ. പി. ടി. തോമസ് : സർ, ടീം പിണറായി ഗവൺമെന്റിലെ ഒരു മന്ത്രിയുടെ മറുപടിയാണ്.

മി. സ്പീക്കർ : അങ്ങ് എന്താണ് ഉദ്ദേശിക്കുന്നത്?

ശ്രീ. പി. ടി. തോമസ് : സർ, ഈ കാര്യത്തിൽ അങ്ങേക്ക് ഒരു

ഉത്തരവാദിത്തമുണ്ടായിരുന്നു. ചട്ടം 307-ൽ പറയുന്നത് 'അപകീർത്തികരമോ, അസഭ്യമോ, സഭ്യേതരമോ അന്തസ്സിലാത്തതോ ആയ വാക്കോ, വാക്കുകളോ, ചർച്ചാവേളയിൽ ഉപയോഗിച്ചിട്ടുണ്ടെന്ന് സ്പീക്കർക്ക് അഭിപ്രായമുണ്ടെങ്കിൽ,' അങ്ങേക്ക് അഭിപ്രായമില്ലേ? 'അദ്ദേഹത്തിന് തന്റെ വിവേചനാധികാരം പ്രയോഗിച്ച് അങ്ങനെയുള്ള വാക്കോ വാക്കുകളോ സഭാനടപടികളിൽ നിന്ന് നീക്കം ചെയ്യാൻ ഉത്തരവ് നൽകാവുന്നതാണ്.' ഈ കാര്യത്തിൽ അടിയന്തരമായ റൂളിംഗ് നൽകണം എന്ന ആവശ്യം ഞാൻ മുന്നോട്ടുവയ്ക്കുകയാണ്.

മി. സ്പീക്കർ : അങ്ങ് ചട്ടം 307 പ്രകാരം ഇവിടെ ഉന്നയിച്ച കാര്യങ്ങൾ ചെയർ പരിശോധിച്ച് നിലപാട് സ്വീകരിക്കുന്നതാണ്. അനാവശ്യമായി ചെയറിനെ ഈ വിഷയത്തിലേക്ക് വലിച്ചിഴയ്ക്കേണ്ട കാര്യമില്ല. ചെയറിന്റെ ഭാഗത്തുനിന്ന് കമന്റുണ്ടായിയെന്ന് ഉന്നയിക്കുന്ന സമയത്ത് അങ്ങ് പറയുകയുണ്ടായി. ചെയറിന്റെ ഭാഗത്തുനിന്ന് ഒരു കമന്റും ഉണ്ടായിട്ടില്ല. ഇല്ലാത്ത കാര്യം അങ്ങ് സഭയിൽ ഉന്നയിക്കാൻ പാടില്ല. ചെയറിനെ വലിച്ചിഴയ്ക്കാൻ പാടില്ല. ഒരു കമന്റും ഉണ്ടായിട്ടില്ല.

ശ്രീ. രാജു എബ്രഹാം : പോയിന്റ് ഓഫ് ഓർഡർ...

<u>മി. സ്പീക്കർ</u> : യെസ്.....(ബഹളം)

<u>ശ്രീ. രാജു എബ്രഹാം</u> : എ.കെ.ജി. സെന്റർ സി.പി.ഐ.(എം)-ന്റെ സംസ്ഥാന കമ്മിറ്റി പ്രവർത്തിക്കുന്ന സ്ഥലമാണ്. വളരെ അനവസരത്തിൽ ശ്രീ. പി. ടി. തോമസ് എ.കെ.ജി. സെന്ററിനെ മോശപ്പെട്ട രൂപത്തിൽ ചിത്രീകരിക്കാൻ ശ്രമം നടത്തി. ......(ബഹളം).... അത് സഭാ രേഖയിൽ നിന്നും നീക്കം ചെയ്യണം. ആ വാക്ക് എക്സ്പഞ്ച് ചെയ്യണം. അങ്ങ് റൂളിംഗ് നൽകണം. .....(ബഹളം)...

<u>മി. സ്പീക്കർ</u>: ഇത് വളരെ നിർഭാഗ്യകരമാണ്. ഒരു ഭാഗത്ത് പ്രസംഗിക്കുമ്പോൾ മറുഭാഗത്ത് ബഹളമുണ്ടാക്കുന്ന രീതി രണ്ടുഭാഗത്തും ഉണ്ടാകുന്നു എന്നുള്ളത് ഞാൻ വീണ്ടും വീണ്ടും പറയുകയാണ്. ധാർമ്മികരോഷം നിങ്ങൾ എപ്പോഴും പ്രകടിപ്പിക്കാറുണ്ട്. പ്ലീസ്....പ്ലീസ്..... ബഹുമാനപ്പെട്ട മന്ത്രി വിശദീകരണം നൽകും.